LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വിപണികൾ

189 (3475) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലെ വിപണികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കർഷകർ അവരുടെ കാർഷിക ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുവേണ്ടി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവായിക്കൊണ്ട് നേരിട്ട് ലേലം ചെയ്ത് മെച്ചപ്പെട്ട വില നേടിയെടുക്കുവാൻ അവസരം ഒരുക്കുക, കർഷകരെ ലേലത്തിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ട്രാൻസ്പോർട്ട് സബ്സിഡി നൽകുക, കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിപണന സാധ്യതകൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ആനയറ, എറണാകുളം ജില്ലയിലെ മരട്, കോഴിക്കോട് ജില്ലയിലെ വേങ്ങേരി എന്നീ മൂന്ന് നഗര കാർഷിക മൊത്തവ്യാപാര വിപണികളിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി എന്നീ മൂന്ന് ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണികളിലുമാണ് ഈ

പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളായ കൊല്ലം ജില്ലയിൽ കാളിയൻചന്ത, ആലപ്പുഴ ജില്ലയിൽ കോടംതുരുത്ത്, കോട്ടയം ജില്ലയിൽ കുറുപ്പൻ ഇറ, ഇടുക്കി ജില്ലയിൽ തൊടുപുഴ, തൃശ്ശൂർ ജില്ലയിൽ പവറട്ടി എന്നീ ജില്ലാസംഭരണ വിപണന കേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞിട്ടുള്ള കാർഷിക മൊത്തവ്യാപാര വിപണികളുടെയും ജില്ലാതല സംഭരണ വിപണന കേന്ദ്രങ്ങളുടെയും വികസനത്തിനും തുടർ പ്രവൃത്തികൾക്കുമായി മാർക്കറ്റ് വികസന പദ്ധതിയിൽ 455 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് നടപടികൾ

190 (3476) ശ്രീമതി പി. അയിഷാ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയുമോ ;

(ബി) കാർഷിക മേഖലയിലെ വരുമാനം ഉയർത്തുന്നതിനും അതുവഴി കർഷകർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കും ;

(സി) കർഷക തൊഴിലാളികൾക്കുകൂടി സ്വീകാര്യമായ രീതിയിൽ കാർഷിക മേഖലയിൽ യന്ത്രവൽക്കരണം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) കാർഷിക മേഖലയിലേയ്ക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്റർ, 200 ഗ്രാമപഞ്ചായത്തുകളിൽ കാർഷിക കർമ്മസേന എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ വിവിധ കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ കർഷക തൊഴിലാളികൾക്ക് കൃഷി ഭവൻ മുഖേന അംഗമാകാവുന്നതാണ്. വിവിധ കാർഷികപ്പണികൾക്കാവശ്യമായ യന്ത്രങ്ങളുടെ പ്രവർത്തനം, ഉപയോഗം, വിത്ത്

LIBRARY ARCHIVES Kerala Legislative Assembly